# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4530** **13.11.2019 ലെ മറുപടി**

## മഞ്ഞപ്പുഴ സംരക്ഷണം

**ചോദ്യം**

**ശ്രീ.പുരുഷൻ കടലുണ്ടി :**

(എ) ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ഞപ്പുഴ സംരക്ഷണത്തിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) 2018-19 വർഷത്തിൽ മഞ്ഞപ്പുഴ സംരക്ഷണത്തിനായി നാല്പതു ലക്ഷം രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ഈ പ്രവൃത്തികളുടെ ഡി.പി.ആർ. സർക്കാരിൽ ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) പനങ്ങാട്, ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷിക്കുന്നതിനായി വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ)യും (ബി)യും (സി)യും

ഉണ്ട്. മഞ്ഞപ്പുഴയുടെ സംരക്ഷണത്തിനായി 200 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ചില തിരുത്തലുകൾ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത തിരുത്തലുകൾ വരുത്തി ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിൽ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് പുനർ സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പുതുക്കി സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ടിൽ ഒരു പുതിയ ചെക്ക് ഡാമിന്റെ നിർമ്മാണവും നിലവിലെ മൂന്നു ചെക്കു ഡാമുകളുടെ പുനരുദ്ധാരണവും തോടിൽ അടിഞ്ഞുകൂടിയ എക്കൽ നീക്കി സംഭരണശേഷി കൂട്ടുന്ന പ്രവർത്തികളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ഞപ്പുഴ സംരക്ഷണത്തിന്റെ ഭാഗമായി പനങ്ങാട് പഞ്ചായത്തിലെ മഞ്ഞപ്പുഴയ്ക്കു കുറുകെയുള്ള കോട്ടനട വി.സി.ബിയുടെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു.

(ഡി) പനങ്ങാട്, ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ, ഉള്ളിയേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷിക്കുന്നതിനായി ഹരിതകേരള നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

SRa...

**സെക്ഷൻ ഓഫീസർ**